നം. സി.ഇ.ഇ/4383/2014/ KEAM -2015/ TA.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## 2015 ലെ എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രസിദ്ധപ്പെടുത്തി

2015 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേക്ക് ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **25.05.2015** മുതൽ **06.06.2015** വരെ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ ഉൾപ്പെടെ) സമർപ്പിക്കുകയും നിർദ്ദിഷ്ട രേഖകൾ സമയപരിധിക്കുള്ളിൽ തന്നെ നൽകുകയും ചെയ്ത വിദ്യാർത്ഥികളുടെ മാർക്ക് വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്കു ശേഷം വിദ്യാർത്ഥികൾക്ക് സ്വയം പരിശോധിച്ച് ബോധ്യപ്പെടുന്നതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 09.06.2015 മുതൽ 11.06.2015 വൈകുന്നേരം 3 മണി വരെ ലഭ്യമാകും. അപേക്ഷാർത്ഥികൾ അവരുടെ **റോൾ നമ്പരും, ആപ്ലിക്കേഷൻ നമ്പരും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Verification of Marks Submission' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് കീ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകിയ ശേഷം മാർക്ക് വിവരങ്ങൾ, പഠിച്ച ബോർഡ്, പാസ്സായ വർഷം, രജിസ്റ്റർ നമ്പർ (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ ഉൾപ്പെടെ) എന്നിവ പരിശോധിക്കേണ്ടതും, എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ **'Download proforma for change in Mark Details'** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ടെടുത്ത് ശരിയായ വിവരം രേഖപ്പെടുത്തി മാർക്ക്‌ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ കാർഡ് ഉൾപ്പെടെ) **11.06.2015, 3 മണിക്ക്** മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08.06.2015